# ശാസ്ത്രനോവൽ മലയാളത്തിൽ

## ചരിത്രം ● വികാസം ● പരിണാമം



ഡോ. അർച്ചന എ. കെ.

മലയാള ശാസ്ത്രസാഹിത്യത്തിന്റെ ചരിത്ര പ്രതിപാദനം, ശാസ്ത്രസാഹിത്യത്തിന്റെ വികാസപരിണതികൾ, ശാസ്ത്രാഖ്യായികകളും ഭാവി വിജ്ഞാനീയവും തമ്മിലുള്ള ബന്ധം തുടങ്ങി ശാസ്ത്രനോവലുകളുടെ ചരിത്രം, വികാസം, പരിണാമം എന്നിവയെക്കുറിച്ചു വിശദമായി പ്രതിപാദിച്ചിരിക്കുന്ന ഗ്രന്ഥം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ISBN 978-81-200-4932-1

9 788120 049321

SIL 4932

₹ 110

ശാസ്ത്രനോവൽ മലയാളത്തിൽ ചരിത്രം ● വികാസം ● പരിണാമം

ഡോ. അർച്ചന എ. കെ.

330

8M3.09 ARC/S
CASMTVK
2125



# ശാസ്ത്രനോവൽ മലയാളത്തിൽ

## ചരിത്രം ● വികാസം ● പരിണാമം

ഡോ. അർച്ചന എ. കെ.

2125

College of Avian Sciences & Management
LIBRARY
KVASU, Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2125 Call No.

This book should be returned on or before the date last given below.

College Library TVK

8M3.09 ARC/S
CASMTVK
2125

Malayalam
**SASTRANOVEL MALAYALATHIL**
Charithram, Vikasam, Parinamam

by
**Dr. Archana A.K.**

First Published: September 2021
Typeset at: Minerva Graphotechs

*Printed at:*
*Vijnanamudranam Press, Nalanda,*
*Thiruvananthapuram - 695 003*

*Published by:*
The State Institute of Languages,
Kerala, Nalanda,
Thiruvananthapuram - 695 003

©The State Institute of Languages, Kerala - 2021

Copies: 500

SIL/ 4932 ISBN - 978-81-200-4932-1

Published by the State Institute of Languages Kerala under the scheme for production of books and literature in regional languages sponsored by the Commission for Scientific and Technical Terminology, Ministry of Education (Department of Secondary and Higher Education), Government of India, New Delhi.

Price: 110/- FT/2925

# ശാസ്ത്രനോവൽ മലയാളത്തിൽ

## ചരിത്രം, വികാസം, പരിണാമം

ഡോ. അർച്ചന എ.കെ.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

## ഡോ. അർച്ചന എ.കെ.

ഇടുക്കി ജില്ലയിലെ ഉപ്പുതറയിൽ ജനനം. പിതാവ് എ.എൻ കുട്ടായി. മാതാവ് വത്സല. കട്ടപ്പന ഗവൺമെന്റ് കോളെജ്, സ്കൂൾ ഓഫ് ലെറ്റേഴ്സ് (മഹാത്മാഗാന്ധി സർവകലാശാല) എന്നിവിടങ്ങളിൽ നിന്നും ബിരുദ ബിരുദാനന്തര പഠനം പൂർത്തിയാക്കി. യു.ജി.സി/ ജെ. ആർ.എഫ് ഫെല്ലോഷിപ്പിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും 'ഉത്തരാധുനികതയും മലയാളത്തിലെ ശാസ്ത്ര നോവലുകളും' എന്ന വിഷയത്തെ ആധാരമാക്കി പി.എച്ച്.ഡി നേടി. തുടർന്ന് മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിൽ പഠനം പൂർത്തിയാക്കി. ശാസ്ത്രസാഹിത്യത്തിന് പ്രത്യേകിച്ച് ശാസ്ത്രസാഹിത്യത്തിലെ നോവൽ വിഭാഗത്തിന് ഉത്തരാധുനിക ഭാവുകത്വത്തിൽ ഉണ്ടായ വികാസപരിണാമങ്ങൾ ചർച്ച ചെയ്യുന്ന നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശാസ്ത്ര സാഹിത്യത്തെയും അതിന്റെ പാഠഭേദങ്ങളെയും സംബന്ധിച്ചുള്ള പ്രബന്ധാവതരണങ്ങളിലും ചർച്ചകളിലും സജീവമായി ഇടപെടാറുണ്ട്. നിലവിൽ അധ്യാപികയായി ജോലി ചെയ്യുന്നു.

ഭർത്താവ് ഡോ. സെൽവിൻ തോമസ് (അസിസ്റ്റന്റ് പ്രൊഫസർ, റോയൽ കമ്മീഷൻ, സൗദി അറേബ്യ). മകൾ ഇഷാന സെൽവിൻ

വിലാസം: ഡോ. അർച്ചന എ. കെ.
അമ്പാട്ട്, ഉപ്പുതറ പി. ഒ, ഇടുക്കി, പിൻ 685505
ഫോൺ: 9446610155
ഇ മെയിൽ: archanaambattu@gmail.com

| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | അനുപമ. ജെ |
| പ്രൂഫ് | : | സിന്ധു.പി |
| കവർ | : | അരുൺ ഗോകുൽ |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Anupama. J |
| Proof | : | Sindhu. P |
| Cover | : | Arun Gokul |



# ആമുഖം

മലയാള സാഹിത്യത്തിൽ ശാസ്ത്രസാഹിത്യം എന്ന വിഭാഗം കരുത്താർജിക്കുന്നതും ഈ മേഖലയിൽ കൂടുതൽ കൃതികളുണ്ടാകുന്നതും ഉത്തരാധുനികതയിലാണ്. ശാസ്ത്രവും സമൂഹവും തമ്മിലുള്ള വിനിമയം ദൃഢമായതിലൂടെയാണ് ഇത്തരമൊരു വളർച്ച സംജാതമായത്. ശാസ്ത്രനോവലുകളുടെ ആരംഭം എന്നു മുതലായിരുന്നുവെന്നതിന് കൃത്യമായ രേഖകളോ അനുമാനങ്ങളോ ഇല്ല. എങ്കിലും ശാസ്ത്രനോവലെഴുത്തിന് മനുഷ്യഭാവനയോളം പഴക്കമുണ്ട്.

പാശ്ചാത്യസാഹിത്യത്തിൽ വളരെയധികം പ്രചാരം നേടിയവയാണ് സയൻസ് ഫിക്ഷനുകൾ. ശാസ്ത്രവീക്ഷണത്തോടുകൂടിയ സാങ്കൽപ്പിക കഥകൾ എന്നും ഇവയെ വിശേഷിപ്പിക്കാം. 19-ാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ പാശ്ചാത്യ സാഹിത്യത്തിൽ ഉടലെടുത്ത ശാസ്ത്രസാഹിത്യം ഇന്ന് അവിടത്തെ പ്രധാന സാഹിത്യശാഖയാണ്. മലയാള സാഹിത്യത്തിൽ 20-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലാണ് ശാസ്ത്രസാഹിത്യഗണത്തിൽ ഉൾപ്പെടുത്താവുന്ന കൃതികൾ കടന്നുവരുന്നത്. അടിസ്ഥാനശാസ്ത്രത്തിൽ നിന്നുടലെടുത്ത വിഷയങ്ങളെ ആസ്പദമാക്കിയ സാഹിത്യഭാവനയാണ് സയൻസ് ഫിക്ഷനുകൾ. മലയാള ഭാഷ ഏതു ശാസ്ത്രത്തിനും മാധ്യമമാകാൻ പര്യാപ്തമാണെന്നതിനുദാഹരണമാണ് മലയാളത്തിലെ ശാസ്ത്രനോവലുകൾ. ആർഭാടമില്ലാത്ത കാര്യമാത്ര പ്രസക്തമായ ഭാഷ, വസ്തുനിഷ്ഠമായ അവതരണം, ആധുനികശാസ്ത്രത്തെ സാമാന്യ ജനങ്ങളിലെത്തിക്കാനുള്ള ശ്രമം. സാഹിത്യ സുന്ദരമായ ശാസ്ത്രപ്രതിപാദനം എന്നിവയാണ് ശാസ്ത്രനോവലുകളിലെ പ്രതിപാദ്യ വിഷയങ്ങൾ. ശാസ്ത്രത്തിലെ വിവിധ തലങ്ങളെ ഉൾക്കൊള്ളുന്നവയാണ്, സമകാലിക ശാസ്ത്രാഖ്യായികകൾ ശാസ്ത്രസൗന്ദര്യത്തിന്റെ മാത്രമല്ല വിമർശനത്തിന്റെയും പാഠഭേദങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

മലയാള ശാസ്ത്രസാഹിത്യത്തിന്റെ ചരിത്രപ്രതിപാദനം, ശാസ്ത്രസാഹിത്യത്തിന്റെ വികാസപരിണതികൾ, ശാസ്ത്രാഖ്യായികകളും ഭാവിവിജ്ഞാനീയവും തമ്മിലുള്ള ബന്ധം തുടങ്ങി ശാസ്ത്രനോവലുകളുടെ ചരിത്രം, വികാസം, പരിണാമം എന്നിവയെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്ന ഈ പുസ്തകം രചിച്ചിരിക്കുന്നത് അധ്യാപികയായ ഡോ. അർച്ചന എ.കെ. ആണ്.

ശാസ്ത്രനോവലുകൾ ഇഷ്ടപ്പെടുന്ന വായനക്കാർക്കായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദരപൂർവം സമർപ്പിക്കുന്നു.

നാളന്ദ
ജൂലൈ 2021

**പ്രൊഫ. വി. കാർത്തികേയൻ നായർ**
**അനുപമ. ജെ**